**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനങ്ങളുടെ ഗുണനിലവാരവും വിസ്തീർണവും വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ തുക എത്രയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | വനങ്ങളുടെ ഗുണനിലവാരവും വിസ്തീർണവും വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. (അനുബന്ധം) 2016-17 വർഷം കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ 1524.70 ലക്ഷം രൂപയിൽ മുഴുവൻ തുകയും, 2019-20 വർഷം ലഭിച്ച 1631.814 ലക്ഷം രൂപയിൽ തൻ വർഷം 79.44 ലക്ഷം രൂപയും 2020-21 വർഷം 197.31 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രളയാനന്തരം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് സംസ്ഥാനം മാർഗരേഖ തയ്യാറാക്കിയിരുന്നോ; വിശദമാക്കാമോ; | (ബി) | പ്രളയാനന്തരം ഉണ്ടായ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് പ്രത്യേക മാർഗ്ഗ രേഖകളൊന്നും തയ്യാറാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത ഫണ്ടിന്റെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രത്തിൽ നിന്നും എന്ത് നിർദ്ദേശമാണ് ഇക്കാര്യത്തിൽ ലഭിച്ചതെന്ന് അറിയിക്കാമോ? | (സി) | 2016-17 വർഷം കേന്ദ്ര സർക്കാർ ഗ്രീൻ ഇന്ത്യ മിഷൻ വഴി നൽകിയ തുകയായ 1524.70 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവാക്കിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. 2019-20 വർഷം അനുവദിച്ച 1631.814 ലക്ഷം രൂപയിൽ ചെലവഴിച്ച 276.75 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് നൽകുകയും അവശേഷിക്കുന്ന 1355.064 ലക്ഷം രൂപയുടെ റീവാലിഡേഷൻ 2021-22 വർഷത്തേയ്ക്ക് അനുവദിച്ചുതരുവാൻ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ തുടർ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ